Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2019/1562(2) തീയതി: 15.01.2019

## സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - വിദ്യാലയ വാർത്തകൾ, മികവുകൾ- വിക്ടേഴ്സ് ചാനലിന് അപ്‌ലോഡ് ചെയ്തു നൽകുന്നതു സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. സ. ഉ(സാധാ) നം, 361/2018/പൊ.വി.വ തീയതി 20.01.2018.

2. കൈറ്റിന്റെ 13.02. 2018 ലെ KITE/2018/1515-1(5) നമ്പർ സർക്കുലർ.

3. കൈറ്റിന്റെ 04.12.2018 ലെ KITE/2018/1562 (43) നമ്പർ സർക്കുലർ.

ഹൈടെക് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സെക്കന്ററി-ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാലയങ്ങൾക്ക് DSLR ക്യാമറ നൽകുകയും ഒരു വിദ്യാലയത്തിലെ ഒരു അധ്യാപകന് ക്യാമറ ഉപയോഗപ്പെടുത്തി വിദ്യാലയ വാർത്തകൾ, വിദ്യാലയ മികവുകളുടെ ഡോക്യുമെന്റേഷൻ എന്നിവ തയ്യാറാക്കി വിക്ടേഴ്സ് ചാനലിന് നൽകുന്നതിനുള്ള പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 5800 ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഈ വിഷയത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.

സൂചന 3 പ്രകാരം പരിശീലനത്തിനുശേഷം ഓരോ വിദ്യാലയവും വർഷത്തിൽ കുറഞ്ഞത് നാല് ഉൽപന്നങ്ങൾ തയ്യാറാക്കി വിക്ടേഴ്സിന് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ വിദ്യാലയവും തയ്യാറാക്കുന്ന ഉൽപന്നങ്ങൾ www.victers.itschool.gov.in/upload എന്ന സൈറ്റിൽ സ്കൂൾ കോഡും യൂസർനെയിമും പാസ്‌വേഡും നൽകി അപ്‌ലോഡ് ചെയ്യേണ്ടതാണ്. എല്ലാ വിദ്യാലയങ്ങളിൽ നിന്നും വിദ്യാലയ വാർത്തകൾ അപ്‌ലോഡ് ചെയ്യുന്നുണ്ടെന്ന് ജില്ലാ കോ-ഓർഡിനേറ്റർമാരും പ്രഥമാധ്യാപകരും ഉറപ്പു വരുത്തേണ്ടതാണ്.

കെ. അൻവർ സാദത്ത്
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും *(ജില്ലാ കോർഡിനേറ്റർ മുഖേന)*

പകർപ്പ്:

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും- ജില്ലാകോർഡിനേറ്റർ മുഖേന
ഹെഡ്, വിക്ടേഴ്സ് ചാനൽ
കൈറ്റിലെ എല്ലാ ജില്ലാ കോർഡിനേറ്റർ/മാസ്റ്റർട്രെയിനർ കോർഡിനേറ്റർ/മാസ്റ്റർട്രെയിനർമാർക്കും
സ്റ്റോക്ക് ഫയൽ